## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 158 — 28-05-2019- ൽ മറുപടിയ്ക്ക്

## ചിതറയിലെ ബഷീറിന്റെ കൊലപാതകം

**ചോദ്യം**

**ശ്രീ. അനിൽ അക്കര**

(എ) ചിതറയിലെ ബഷീറെന്ന ആളെ കുത്തിക്കൊലപ്പെടുത്തിയ കേസിന്റെ അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) ബഷീറിന്റെ കൊലയ്ക്ക് പിന്നിൽ രാഷ്ട്രീയ വൈരാഗ്യമല്ല, മറിച്ച് കപ്പ വില്പനയുമായി ബന്ധപ്പെട്ട തർക്കമാണെന്ന ബഷീറിന്റെ സഹോദരിയുടെ വെളിപ്പെടുത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വ്യക്തി വൈരാഗ്യത്തിന്റെ പേരിൽ നടന്ന കൊലപാതകത്തെ രാഷ്ട്രീയ കൊലപാതകമാക്കി മാറ്റുന്നതിനും അതിലൂടെ രാഷ്ട്രീയ മുതലെടുപ്പിനും ഭരണകക്ഷിയുടെ ഉന്നത നേതാവ് തന്നെ ശ്രമിച്ചുവെന്ന ആക്ഷേപം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;എങ്കിൽ ഇക്കാര്യം അന്വേഷിച്ചിട്ടുണ്ടോ;

(ഡി) ഇത്തരം പ്രസ്താവനകൾ സംസ്ഥാനത്തെ ക്രമസമാധാന നില വഷളാക്കുമെന്നത് കണക്കിലെടുത്ത് ഇതിനെതിരെ ജാഗ്രത പുലർത്തുമോയെന്ന് അറിയിക്കുമോ?

**മറുപടി**

**പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

(എ) യും (ബി) യും (സി) യും (ഡി) യും ചിതറയിലെ ബഷീറെന്ന ആളിനെ കുത്തി കൊലപ്പെടുത്തിയത് സംബന്ധിച്ച് കടയ്ക്കൽ പോലീസ് സ്റ്റേഷൻ ക്രൈം നം. 321/19 U/S 447, 302 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. കേസിന്റെ അന്വേഷണം പൂർത്തിയാകാറായിട്ടുള്ളതാണ്. ചാർജ്ജ്ഷീറ്റ് സമർപ്പിക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു. ഈ സംഭവവുമായി ബന്ധപ്പെട്ടു വന്ന പ്രസ്താവനകളും അന്വേഷണത്തിന്റെ പരിധിയിൽ വരുന്നതാണ്.

**സെക്ഷൻ ഓഫീസർ**